# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6142 | 20.11.2019-ന് മറുപടിയ്ക്ക്

### ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് കോളേജുകളിൽ സംവരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രൊഫഷണൽ കോഴ്സുകൾക്ക് ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ക്കൊപ്പം ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥി കളെ കൂടി ഉൾപ്പെടുത്തി മൂന്ന് ശതമാനം സംവരണം അനുവദിച്ചതുപോലെ ആർട്ട്സ് ആന്റ് സയൻസ് കോളേജു കളിലെ ബിരുദ, ബിരുദാനന്തര കോഴ്സു കൾക്കും മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് സംവരണം അനുവദി ക്കുന്നതിൽ നേരിടുന്ന കാലതാമസ ത്തിന് കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഇതിനായി നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാ ക്കാമോ? | (എ) യും (ബി) യും<br>23.05.2014-ലെ സ.ഉ.(കൈ)നം.10/2014/ പി.സ.വി.വ. ഉത്തരവ് പ്രകാരമാണ് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിന് ലാറ്റിൻ കത്തോലിക്ക വിഭാഗത്തിനോടൊപ്പം 3% സംവരണം അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റ് കോളേജു കളിലെ ബിരുദ - ബിരുദാനന്തര കോഴ്സുക ളിൽ എസ്.ഇ.ബി.സി. സംവരണം ബാധക മാക്കിയത് 02.02.2006 -ലെ സ.ഉ.(പി)നം. 08/2006/പ.ജ.പ.വ.വി.വ, 27.02.2006 -ലെ സ.ഉ.(കൈ)നം.37/2006/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ്. ആയതിൽ ആംഗ്ലോ ഇന്ത്യൻ സമുദായം ഉൾപ്പെട്ടിട്ടില്ല. ആർട്സ് & സയൻസ് കോഴ്സുകളിലെയും, മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളി ലെയും പ്രവേശനത്തിന് ലാറ്റിൻ കാത്തലിക് സമുദായത്തിനൊപ്പം ആംഗ്ലോ ഇന്ത്യൻ വിഭാഗത്തെ ഉൾപ്പെടുത്തി സംവരണം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയി- ലില്ല. |

സെക്ഷൻ ഓഫീസർ